**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1011** **24-02-2022 - ൽ മറുപടിയ്ക്ക്**

**കോട്ടക്കൽ നഗരസഭയിലെ കുടിവെള്ള പദ്ധതി**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ** | | **Shri Roshy Augustine (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | അമൃത് പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തിയ കോട്ടക്കൽ നഗരസഭയിലെ കുടിവെള്ള പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; | (എ) | കുറ്റിപ്പുറത്തിനും സമീപ പഞ്ചായത്തു-കൾക്കുമായി തയ്യാറാക്കുന്ന സമഗ്ര കുടിവെള്ള പദ്ധതിയുടെ ഉല്പാദക ഘടകങ്ങളുടെ ഡിസൈൻ തയ്യാറാക്കുമ്പോൾ കോട്ടക്കൽ മുനിസിപ്പാലിറ്റിക്കുവേണ്ടി പ്രതിദിനം 15 എം.എൽ.ഡി വെള്ളം നൽകുന്നതുകൂടി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ കോട്ടക്കൽ മുനിസിപ്പാലിറ്റിയിലേക്കുള്ള ഉപരിതല ജല സംഭരണികൾ, ഇതിലേക്ക് ജലമെത്തിക്കുന്ന പ്രധാന വിതരണ പൈപ്പ് ലൈനുകൾ, വിതരണ ശൃംഖല എന്നിവയുടെ ഡിസൈൻ തയ്യാറാക്കുന്നതിന്റെ ഭാഗമായുള്ള സർവ്വെ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള സർവ്വേ പ്രവൃത്തികൾ പൂർത്തിയാക്കി ഡിസൈൻ പ്രവൃത്തി പുരോഗമിച്ചു വരുന്നു |
| (ബി) | കുറ്റിപ്പുറം പഞ്ചായത്തിനും സമീപ പഞ്ചായത്തുകൾക്കുമായി ജലജീവൻ മിഷനിൽ ഉൾപ്പെടുത്തി ഗാർഹിക കണക്ഷൻ നൽകുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | കുറ്റിപ്പുറം പഞ്ചായത്തിനും സമീപപഞ്ചായത്തുകളായ തിരുനാവായ, ആതവനാട്, മറക്കര എന്നീ പഞ്ചായത്തുകൾക്കുമായി ജല ജീവൻ മിഷനിൽ ഉൾപ്പെടുത്തി 14300 കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുള്ള 22107.12 ലക്ഷം രൂപയുടെ പദ്ധതിയ്ക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്. |
| (സി) | കോട്ടക്കൽ നഗരസഭയിൽ ഉപരിതല ജല സംഭരണികളുടെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ? | (സി) | പദ്ധതിക്കായി കൈമാറ്റം ചെയ്തു തരേണ്ട ജല സംഭരണികളുടെ സ്ഥലങ്ങൾ ഏതെല്ലാമാണെന്നും, ഓരോന്നിനും ആവശ്യമായ വിസ്തീർണ്ണം കൈമാറ്റം ചെയ്തു തരേണ്ടതാണെന്നും കോട്ടയ്ക്കൽ മുനിസിപ്പാലിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട് |

സെക്ഷൻ ഓഫീസർ